**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് മുഖേന കൂടുതൽ രോഗങ്ങൾക്ക് ഇൻഷ്വറൻസ് സഹായം ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ) | 23.06.2022 ലെ സ. ഉ (പി) നം.70/2022/ധന പ്രകാരം നിലവിൽ വന്ന മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1920 മെഡിക്കൽ/ സർജിക്കൽ ചികിത്സാ രീതികൾക്കും 12 ഇന അവയവമാറ്റ ചികിത്സകൾക്കും മാത്രമേ പദ്ധതി കാലയളവായ 2022-25 വരെ ഇൻഷ്വറൻസ് ആനുകൂല്യം സാധാരണമായി ലഭ്യമാകുകയുള്ളൂ. **കമ്പനിയുമായുള്ള ഉടമ്പടി കരാറിൽ പദ്ധതി കാലയളവിനുള്ളിൽ പാക്കേജിലുള്ളതല്ലാതെ പുതിയ/ കൂടുതൽ രോഗങ്ങൾ ഉൾപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല.** |

സെക്ഷൻ ഓഫീസർ